*➩ ഇതുമായെല്ലാം ചേർത്തുവായിക്കേണ്ടതാണ് ജൈവകൃഷിക്കെതിരായി തുടരുന്ന പ്രചരണങ്ങൾ ➩*

**കേരളത്തിൽ** കഴിഞ്ഞ കുറച്ചു നാളുകളായി ജൈവകൃഷിക്ക് അനുകൂലമായ ഒരു തരംഗമുണ്ടായിട്ടുണ്ട്. ഏറെ വർഷങ്ങളായി കൃഷി–പരിസ്ഥിതി–ആരോഗ്യമേഖലയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നവരുടെ ശ്രമഫലമായി സൃഷ്ടിക്കപ്പെട്ട ഒന്നാണിത്. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞന്മാരുടെയും സ്ഥാപനങ്ങളുടെയും മേലുള്ള കർഷകരുടെ ആശ്രിതത്വം വലിയരീതിയിൽ കുറയ്ക്കാൻ ഇത് കാരണമായിട്ടുണ്ട്. കാർഷിക സർവ്വകലാശാലയിലുള്ള കൃഷി ശാസ്ത്രജ്ഞന്മാരേക്കാൾ സ്വീകാര്യത സാധാരണ ജൈവകർഷകർക്ക് ലഭിക്കുന്ന ഒരു സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. ജൈവകൃഷിയുമായി ബന്ധപ്പെട്ടുള്ള പ്രചരണ പ്രവർത്തനങ്ങളാണ് എല്ലാ പഞ്ചായത്തുകളിലും ഇപ്പോൾ ഊർജ്ജിതമായി നടക്കുന്നത്. ജൈവകൃഷിക്ക് ലഭിക്കുന്ന ഈ സ്വീകാര്യത രാസകൃഷിയുടെ പ്രയോക്താക്കളായ ശാസ്ത്രജ്ഞന്മാർക്ക് വലിയ തിരിച്ചടിയായി തീർന്നിരിക്കുകയാണ്. ഈ ജൈവകൃഷി തരംഗത്തെ പ്രതിരോധിച്ചാൽ മാത്രമേ തങ്ങൾക്ക് പ്രസക്തിയുള്ളൂ എന്ന് അവർ തിരിച്ചറിഞ്ഞതിന്റെ പ്രകടമായ ലക്ഷണങ്ങളാണ് ഇപ്പോൾ അവരുടെ ഭാഗത്ത് നിന്നും വ്യാപകമായുണ്ടാകുന്ന ജൈവകൃഷിക്കെതിരായ പ്രചരണങ്ങൾ. കീടനാശി കമ്പനികളും രാസവള ലോബിയുമെല്ലാം വളരെ ശക്തരാണെന്ന് പല അനുഭവങ്ങളിലൂടെയും നമുക്ക് ഇന്ന് ബോധ്യമുള്ളതാണ്. ഭക്ഷ്യസുരക്ഷ കമ്മീഷണർ ടി.വി. അനുപമയ്ക്കെതിരെ ക്രോപ്കെയർ ഫൗണ്ടേഷൻ എന്ന കീടനാശിനി കമ്പനികളുടെ കൂട്ടായ്മ നടത്തിയ നീക്കങ്ങൾ നമ്മൾ കണ്ടു. ഇതുമായെല്ലാം ചേർത്തുവായിക്കേണ്ടതാണ് ജൈവകൃഷിക്കെതിരായി തുടരുന്ന പ്രചരണങ്ങൾ. ജൈവകൃഷി വ്യാപിക്കുന്നതുകൊണ്ട് നഷ്ടമുണ്ടാകുന്ന ഒരുപാട് സ്ഥാപനങ്ങളുണ്ട്. അവരുടെ വക്താക്കളാണോ ഈ പ്രചരണങ്ങൾക്ക് പിന്നിലുള്ള ശക്തിയെന്നത് ഉറപ്പായും സംശയിക്കേണ്ടതുണ്ട്.

# വിളവ് കുറയുമെന്ന വാദത്തിന് ജൈവകേരളം മറുപടി നൽകും

ജൈവകൃഷി വ്യാപിക്കുന്നതുകൊണ്ട് നഷ്ടമുണ്ടാകുന്ന ഒരുപാട് സ്ഥാപനങ്ങളുണ്ട്. അവരുടെ വക്താക്കളാണോ ഈ പ്രചരണങ്ങൾക്ക് പിന്നിലുള്ള ശക്തിയെന്നത് ഉറപ്പായും സംശയിക്കേണ്ടതുണ്ടെന്ന് കേരള ജൈവകർഷക സമിതി സെക്രട്ടറി

**കെ.പി. ഇല്യാസ്**

ഭക്ഷ്യസുരക്ഷ തകരും എന്നതാണ് പ്രധാനമായും ജൈവകൃഷിക്കെതിരായി ഉന്നയിക്കപ്പെടുന്ന ഒരു ആക്ഷേപം. കേരളത്തിന് ഭക്ഷ്യസുരക്ഷയുണ്ടാക്കിത്തന്നത് രാസവള–കീടനാശിനി കൃഷിയാണെന്നതാണ് കൃഷി ശാസ്ത്രജ്ഞന്മാരുടെ വാദം. കേരളത്തിൽ ഭക്ഷ്യസുരക്ഷയുണ്ടെന്ന് പറയുന്നതിൽ എന്ത് അടിസ്ഥാനമാണുള്ളത്. കേരളത്തിൽ നിന്നും വരുന്ന 80 ശതമാനം അരിയും പുറത്തുനിന്നുമാണ് വരുന്നത്. പച്ചക്കറിയും 70 ശതമാനത്തിലധികം പുറത്തുനിന്നുമാണ് എത്തുന്നത്.



ജൈവകൃഷി പ്രചരണത്തിനായി കേരള ജൈവകർഷക സമിതി സംഘടിപ്പിച്ച ജൈവജീവിത സന്ദേശ ജാഥ.

1865ൽ ലക്ഷക്കണക്കിന് രൂപയുടെ നെല്ല് തിരുവിതാംകൂറിൽ നിന്നും കയറ്റുമതി ചെയ്തിരുന്നതായും ഇറക്കുമതി ഇല്ലാതിരുന്നതായും പഴയ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ പിന്നീട് ക്രമേണ ഇറക്കുമതി കൂടുകയും കയറ്റുമതി കുറയുകയും ചെയ്യുന്നുണ്ട്. കേളനി ഭരണം കേരളത്തിന്റെ കാർഷികമേഖലയിൽ വരുത്തിയ മാറ്റങ്ങളാണ് ഇതിന് കാരണമെന്ന് നിരവധി പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. നാണ്യവിളകൾക്കുവേണ്ടി ഭക്ഷ്യവിളകൾ തകർക്കപ്പെട്ടതാണ് ഭക്ഷ്യസുരക്ഷ താറുമാറാകുന്നതിനുള്ള ഒരു പ്രധാന കാരണം.

എന്നാൽ അടുത്തകാലത്തായി പച്ചക്കറിയുടെ കാര്യത്തിൽ ജൈവകൃഷിയിലൂടെ വലിയ തോതിലുള്ള നേട്ടം നമുക്കുണ്ടായിട്ടുണ്ട്. പുറത്തുനിന്നും പച്ചക്കറി വാങ്ങുന്നതിന്റെ അളവ് ഗണ്യമായി കുറഞ്ഞു. 20 ലക്ഷം ടൺ പച്ചക്കറി പ്രതിവർഷം ആവശ്യമായി വരുന്ന കേരളത്തിൽ 2014-15 സാമ്പത്തിക വർഷം 15.32 ലക്ഷം ടൺ പച്ചക്കറികൾ നമുക്കുതന്നെ ഉത്പാദിപ്പിക്കാൻ കഴിഞ്ഞതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. പച്ചക്കറി കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. മുൻ വർഷം 75,320 ഹെക്ടറിൽ കൃഷിയുണ്ടായിരുന്നത് ഈ വർഷം 90,533 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. ജൈവകൃഷിക്കുണ്ടായ വലിയ തോതിലുള്ള സ്വീകാര്യതയാണ് ഈ വർദ്ധനവിന് കാരണമെന്ന് സംസ്ഥാന കൃഷി വകുപ്പ് തന്നെ സമ്മതിക്കുന്നുണ്ട്. ജൈവകൃഷിയിലേക്ക് ആളുകൾ വരുന്നതോടെ ഭക്ഷ്യസുരക്ഷ കൂടിയതായാണ് ഇത് തെളിയിക്കുന്നത്. ഹരിത വിപ്ലവത്തെ തുടർന്നും രാസകീടനാശി പ്രയോഗത്താലും കേരളം ഭക്ഷ്യസുരക്ഷിതമാവുകയല്ല, കർഷകർ കൃഷി ഉപേക്ഷിച്ചുപോവുകയാണ് ചെയ്തതെന്ന കാര്യം ചരിത്രവസ്തുതയാണ്. കൃഷി ഉപേക്ഷിച്ചവർക്ക് മടങ്ങിയെത്താനുള്ള ഒരു സാഹചര്യം ജൈവകൃഷിയിലൂടെ ഇപ്പോൾ വീണ്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഹരിത വിപ്ലവം വരുന്നതിന് മുമ്പ് ഇവിടെ പട്ടിണിയായിരുന്നു എന്നതും വസ്തുതാവിരുദ്ധമായ പ്രചരണമാണ്. നമ്മുടെ നാട്ടിലെ പ്രാദേശിക ഭക്ഷ്യസ്വാശ്രയത്വത്തെ തകർത്തത് ബ്രിട്ടീഷ് അധിനിവേശമായിരുന്നു, അല്ലാതെ ഇവിടെ നിലനിന്നിരുന്ന കൃഷിരീതികളുട അപാകതയായിരുന്നില്ല. 1865ൽ ലക്ഷക്കണക്കിന് രൂപയുടെ നെല്ല് തിരുവിതാംകൂറിൽ നിന്നും കയറ്റുമതി ചെയ്തിരുന്നതായും ഇറക്കുമതി ഇല്ലാതിരുന്നതായും പഴയ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ പിന്നീട് ക്രമേണ ഇറക്കുമതി കൂടുകയും കയറ്റുമതി കുറയുകയും ചെയ്യുന്നുണ്ട്. കേളനി ഭരണം കേരളത്തിന്റെ കാർഷികമേഖലയിൽ വരുത്തിയ മാറ്റങ്ങളാണ് ഇതിന് കാരണമെന്ന് നിരവധി പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. നാണ്യവിളകൾക്കുവേണ്ടി ഭക്ഷ്യവിളകൾ തകർക്കപ്പെട്ടതാണ് ഭക്ഷ്യസുരക്ഷ താറുമാറാകുന്നതിനുള്ള ഒരു പ്രധാന കാരണം. ഈ ചരിത്രം മറച്ചുവച്ചുകൊണ്ട്, ഇവിടെ നിലനിന്നിരുന്ന കൃഷിരീതിയുടെ പ്രശ്നമാണ് ഭക്ഷ്യസുരക്ഷ ഇല്ലാതാകാൻ കാരണമെന്നാണ് കൃഷി ശാസ്ത്രജ്ഞന്മാർ വാദിക്കുന്നത്. എന്നാൽ ഹരിതവിപ്ലവം വന്നതുകൊണ്ടും കേരളത്തിന്റെ ഭക്ഷ്യസുരക്ഷ കൂടിയതായി കണക്കുകളൊന്നുമില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഇറക്കുമതിയാണ് വാസ്തവത്തിൽ കൂടിയത്.

ജൈവകൃഷിയിലേക്ക് തിരിഞ്ഞാൽ വിളവ് കുറയും എന്നതാണ് മറ്റൊരു ആരോപണം. ഒരു ഉദാഹരണമായി നെല്ലിന്റെ കാര്യമെടു

ക്കാം. 2.5 ടൺ നെല്ലാണ് ഒരു ഹെക്ടറിൽ ശരാശരി കേരളത്തിൽ കിട്ടുന്നത്. ഇത് 2.3 ടൺ ആണ് ഇന്ത്യൻ ശരാശരി. ഉമ, ജ്യോതി തുടങ്ങിയ ഹൈബ്രീഡ് വിത്തുകൾ വരുന്ന സമയത്ത് 5–6 ടൺ വിളവ് കിട്ടുമെന്നാണ് പറഞ്ഞിരുന്നത്. കൃഷി വകുപ്പിന്റെ പഴയ രേഖകൾ നോക്കിയാൽ മതി. തുടക്കത്തിൽ ചില യിടങ്ങളിൽ അത്രയും വിളവ് കിട്ടിയെങ്കിലും പിന്നീട് വിളവ് കുറഞ്ഞു. കോൾപ്പാടങ്ങൾ പോലെയുള്ള വളരെ ചുരുക്കം സ്ഥലങ്ങളിൽ മാത്രമാണ് ഇപ്പോൾ ഹൈബ്രീഡ് വിത്തുകൾക്ക് നല്ല വിളവുള്ളത്. അതും 4 ടൺ വരെയേ കിട്ടുകയുള്ളൂ. ജൈവകൃഷിരീതിയിൽ നാടൻ വിത്ത് ചെയ്യുന്ന പാടങ്ങളിൽ നിന്നും ഇതിലും നല്ലരീതിയിലുള്ള വിളവ് കിട്ടുന്നുണ്ട് എന്നതാണ് വാസ്തവം. ഉദാഹരണമായി തൃശൂർ ജില്ലയിലുള്ള ചൂലിശേരി എന്ന സ്ഥലത്ത് കുറച്ചുകാലങ്ങളായി ഞങ്ങൾ കൃഷി ചെയ്യുന്നുണ്ട്. കുറുവ എന്ന നാടൻ വിത്താണ് ചെയ്യുന്നത്. അതിനടത്തുതന്നെ ചില കർഷകർ ഉമ എന്ന ഹൈബ്രീഡ് വിത്ത് രാസ–കീടനാശിനികളുടെ സഹായത്തോടെ കൃഷി ചെയ്തിരുന്നു. ഞങ്ങൾക്ക് 1300 കിലോ വിളവ് ഒരേക്കറിൽ നിന്നും കിട്ടി. ഉമ ചെയ്തവർക്ക് 1100 കിലോ മാത്രമാണ് കിട്ടിയത്. കർഷകർക്ക് കാര്യം നേരിട്ട് ബോധ്യമായിട്ടുണ്ട്. ഹെക്ടർ കണക്കിലേക്ക് ഇത് മാറ്റിയാൽ 3 ടണ്ണിൽ അധികം നാടൻ വിത്തും ഹൈബ്രീഡ് രണ്ടേ മുക്കാൽ ടണ്ണുമാണ് കിട്ടുന്നത് എന്നുകാണാം.

ഇത് ഒരൊറ്റപ്പെട്ട സംഗതിയല്ല. കേരളത്തിലെ എല്ലാ ജൈവകർഷകർക്കും ഈ തോതിൽ വിളവുകിട്ടുന്നുണ്ട്. ഞങ്ങളുടെ കൈയിൽ അതിന്റെ കണക്കുകളുണ്ട്. ഇതൊന്നും പരിഗണിക്കാതെയാണ് ശാസ്ത്രത്തിന്റെ പേരിൽ വസ്തുതാവിരുദ്ധമായ പ്രചരണം ചിലർ നടത്തുന്നത്. ഒരേക്കറിൽ നിന്നും 1000 കിലോയിൽ കൂടുതൽ നാടൻ വിത്തുകൾ കിട്ടില്ല എന്നാണ് ഡോ. കെ.എം. ശ്രീകുമാർ പറയുന്നത്. എന്ത് വസ്തുതയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നതെന്ന് മനസ്സിലാകുന്നില്ല. നാടൻ വിത്തുകൾ പലയിനമുണ്ട്. വിളവ് കൂടിയതും കുറഞ്ഞതുമുണ്ട്. ഉദാഹരണമായി ഞവര എന്ന വിത്ത്, അതിന് വിളവ് കുറവാണെങ്കിലും ഔഷധഗുണം കൂടുതലുണ്ട്. നാടൻ വിത്തുകളുടെ ഒരു പ്രത്യേകത അത് ഓരോ പ്രദേശത്തെയും കാലാവസ്ഥയ്ക്കും ഭൂപ്രകൃതിക്കും മണ്ണിന്റെ ഘടനയ്ക്കും അനുസരിച്ച് വളരുകയും വിളവ് തരുകയും ചെയ്യുന്നതാണ്. പല വിത്തിനു പല ഗുണങ്ങളാണുള്ളത്. വെള്ളക്കെട്ടിനെ ചെറുത്ത് വളരുന്നതുണ്ട്. വരൾച്ചയുള്ള പ്രദേശത്ത് വളരുന്നതുണ്ട്. അതിന് കീടപ്രതിരോധശേഷി കൂടുതലാണ്. വളം അധികം നൽകേണ്ടതില്ല. ഓരോ വിത്തിന്റെ അരിയും പലതരം ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചിരുന്നത്. ചോറിന്, കഞ്ഞിക്ക്, മലരിന്, അവലിന്, പായസത്തിന്, പലഹാരത്തിന് എല്ലാം വ്യത്യസ്തമായ വിത്തുകളെയാണ് ആശ്രയിച്ചിരുന്നത്. ആ പാരമ്പര്യത്തെയാണ് ജൈവകൃഷി തിരിച്ചുപിടിച്ചുകൊണ്ടിരിക്കുന്നത്. തവളക്കണ്ണൻ പോലെയുള്ള പരമ്പരാഗത നെൽവിത്തിന് വിളവ് കൂടുതലാണ്. ഒരു ഹെക്ടറിൽ നിന്നും മൂന്ന് ടണ്ണിൽ അധികം വിളവ് കിട്ടും. വയനാട്ടിൽ കൃഷി ചെയ്യുന്ന വലിച്ചൂരി, വെളിയൻ തുടങ്ങിയ വിത്തുകൾക്ക് നാല് ടണ്ണിലധികം ഹെക്ടറിന് കിട്ടും. പുൽപ്പള്ളിയിലുള്ള ഒരു കർഷകന് ഏഴ് ടണ്ണിലധികം കിട്ടിയിട്ടുണ്ട്. ഇത്തരം നാടൻ വിത്തുകൾ ഇന്നും നിലനിൽക്കാൻ കാരണം അവ അത്യാവശ്യം വിളവ് തരുന്നു എന്നതുകൊണ്ടുതന്നെയാണ്.

വിളവിൽ മാത്രമല്ല കാര്യമുള്ളത്. ചിറ്റേനി എന്ന നാടൻ അരിയുടെ ചോറ് അരപാത്രമുണ്ടാൽ വയറുനിറയും. ഉമയോ ജ്യോതിയോ ആ സ്ഥാനത്ത് ഒന്നര–രണ്ട് പാത്രം വരെ കഴിക്കേണ്ടിവരും. പോഷകഗുണങ്ങളുമില്ല. വിളവ് കുറഞ്ഞാലും നാടൻ വിത്തുകൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കഴിയും എന്നതിന് തെളിവാണിത്. ആ വൈവിധ്യം നിലനിർത്താനാണ് നാം ശ്രമിക്കേണ്ടത്. ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള ആശങ്ക നെല്ലിനെ കേന്ദ്രീകരിച്ചുമാത്രമാണ് കാർഷിക ശാസ്ത്രജ്ഞന്മാർ പറയുന്നത്. നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായ നെല്ല് കേരളത്തിൽ മാത്രമായി കൃഷി ചെയ്തുണ്ടാക്കാനുള്ള അവസ്ഥ നിലവിലില്ല എന്നത് സത്യമാണ്. രണ്ട് ലക്ഷം ഹെക്ടറിൽ താഴെയാണ് നെൽകൃഷിയുള്ളത്. 40 ലക്ഷം ടൺ അരി ഒരു വർഷം കേരളത്തിന് വേണമെന്നാണ് സർക്കാർ കണക്ക്. ഒരാൾക്ക് ഒരുനേരം 125 ഗ്രാം അരി എന്ന് കണക്കാക്കി പറയുന്നതാണ് ഇത്. ഹൈബ്രീഡ് വിത്തിന്റെ അരിവച്ചാണ് ഈ കണക്ക് പറയുന്നത്. നാടൻ അരിയാണെങ്കിൽ 75 ഗ്രാം മതിയാകും. 40 ലക്ഷം ടൺ അരി വേണമെന്നത് പെരുപ്പിച്ചുകാണിക്കുന്ന കണക്കാണ്. ഗോഡൗണുകളിൽ സൂക്ഷിച്ചുവയ്ക്കാനുള്ളതും ചേർത്തിട്ടാണ് അത് പറയുന്നത്. കേരളത്തിൽ ഇപ്പോഴുണ്ടാക്കുന്നത് 7–8 ലക്ഷം ടൺ അരി മാത്രമാണ്. ഇപ്പോഴുള്ള വയലിന്റെ അളവ് വച്ചിട്ട് നമുക്കാവശ്യമുള്ള അരിയുണ്ടാക്കാൻ പറ്റില്ല. തരിശുകിടക്കുന്ന വയലുകൾ കൃഷിയോഗ്യമാക്കിയാൽ

സ്ഥിതിയിൽ വ്യത്യാസമുണ്ടാകും. മുമ്പ് രണ്ട് പൂ കൃഷി ചെയ്തിരുന്ന പാടങ്ങളിൽ (വിരിപ്പും മുണ്ടകനും) ഇപ്പോൾ ഒരു പൂ കൃഷി മാത്രമാണ് നടക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കാത്തതാണ് അതിന് കാരണം. ഈ പ്രശ്നങ്ങൾ പരിഹരിച്ചാൽ നെല്ലിന്റെ ഉത്പാദനം ഇനിയും കൂട്ടാൻ കഴിയും. തരിശുരഹിത കേരളം ഒരു നയമായി കേരളം പറയുന്നുണ്ട്. മലയാളികളുടെ ഒരു കാലത്തെ പ്രധാന ആഹാരം അരിയായിരുന്നില്ല എന്നതാണ് വാസ്തവം. കിഴങ്ങുവർഗ്ഗങ്ങളും ചെറുധാന്യങ്ങളും എല്ലാം ചേർന്ന് ഏറെ വൈവിദ്ധ്യങ്ങളുള്ള ഭക്ഷണരീതിയാണ് ഇവിടെ നിലനിന്നിരുന്നത്. മൂന്നുനേരവും അരിയാഹാരം കഴിക്കുന്ന ഒരു സംസ്കാരം പിന്നീടുണ്ടായി വന്നതാണ്. പഴയ ശീലത്തിലേക്ക് മലയാളി മടങ്ങിപ്പോയാൽത്തന്നെ അരിയുടെ മേലുള്ള ഈ ആശ്രിതത്വം നമുക്ക് കുറയ്ക്കാൻ കഴിയും. ആരോഗ്യവും കൂടും. മൊത്തം കരഭൂമിയുടെ 60 ശതമാനവും ഇന്ന് ഉപയോഗിക്കുന്നത് നാണ്യവിളകൾക്ക് വേണ്ടിയാണ്. നാണ്യവിളകൾക്ക് വിലയിടിഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കുറച്ച് ഭക്ഷ്യവിളകൾ കൂടി അവിടെ കൃഷി ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. അത്തരത്തിലുള്ള  ഒരു മൂവ്മെന്റുകളും കേരളത്തിൽ സജീവമായി നടക്കുന്നുണ്ട്. ചക്കയുടെയെല്ലാം മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന പരിപാടികളെല്ലാം ഇന്ന് സജീവമാണ്. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തലാണ് ലക്ഷ്യമെങ്കിൽ ഇത്തരം കാര്യങ്ങളാണ് നമ്മൾ ആലോചിക്കേണ്ടത്. അല്ലാതെ രാസവളവും കീടനാശിനിയും ഉപയോഗിക്കേണ്ടുന്നതിനെക്കുറിച്ചല്ല. ജനങ്ങൾക്ക് അക്കാര്യത്തിൽ എന്തായാലും ബോധ്യമുണ്ട്.

ഭക്ഷ്യസുരക്ഷയല്ല, ഭക്ഷ്യസ്വാശ്രിതത്വമാണ് നമുക്ക് വേണ്ടത്. രണ്ടും മൂന്നും വർഷം എഫ്.സി.ഐ ഗോഡൗണുകളിൽ മലാത്തിയോണും അമോണിയം ഫോസ്ഫൈഡും ഇട്ടുവച്ച് സൂക്ഷിച്ച അരി ഒരു രൂപയ്ക്ക് കൊടുക്കുന്നതാണ് ഇപ്പോൾ ഭക്ഷ്യസുരക്ഷ എന്നുപറയുന്നത്. സുരക്ഷിതമായ ഭക്ഷണത്തിന് ഭക്ഷ്യസ്വാശ്രയത്വം തന്നെയാണ് വേണ്ടത്. പ്രാദേശികമായി ഭക്ഷ്യോത്പന്നങ്ങളുണ്ടാക്കുകയും പ്രാദേശികമായി സംഭരിക്കുകയും പ്രാദേശികമായി വിതരണം ചെയ്യുകയും ചെയ്യുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കുകയാണ് അതിന് വേണ്ടത്. അതില്ല എന്നതാണ് ഏറ്റവും വലിയ പ്രശ്നം. പാലക്കാട് ആലത്തൂർ പഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്ന ഒരാൾ അവിടെ നിന്നും നെല്ലെടുത്ത്, ആലപ്പുഴയിലുള്ള മില്ലിൽ കൊണ്ടുപോയി കുത്തിയെടുത്ത്, വേറെ ഏതെങ്കിലും നാട്ടിൽക്കൊണ്ടുപോയി വിതരണം ചെയ്യുന്നതാണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. അതാത് പഞ്ചായത്തുകളിൽ ഉത്പാദിപ്പിക്കുന്ന നെല്ല് അവിടെത്തന്നെ പ്രോസസ് ചെയ്ത്, അന്നാട്ടിലുള്ള ആളുകൾക്ക് കൊടുക്കാൻ കഴിയുന്ന തരത്തിൽ ഈ സംവിധാനങ്ങൾ വികേന്ദ്രീകരിക്കേണ്ടതുണ്ട്. പച്ചക്കറികളുടെയും കാര്യത്തിൽ ഇതാണുണ്ടാകേണ്ടത്. ഇത് പറ്റില്ല എന്നുപറയാൻ കഴിയില്ല. പാലിന്റെ കാര്യത്തിൽ മിൽമ വളരെ ഭംഗിയായി ഇതു ചെയ്യുന്നുണ്ട്. സംഭരണത്തിനും വിതരണത്തിനുമുള്ള സംവിധാനങ്ങൾ പ്രാദേശികമായുണ്ടാക്കാവുന്നതേയുള്ളൂ എന്നതിന് തെളിവാണ് മിൽമ. കർഷകർക്കും അതാണ് ഉപകാരപ്പെടുന്നത്.

കീടനാശി പതിനായിരം ഇരട്ടി നേർപ്പിച്ചാൽ കുഴപ്പമില്ലല്ലോ എന്നിടത്താണ് കൃഷിശാസ്ത്രജ്ഞന്മാരുടെ ചർച്ച ഇപ്പോഴും നിൽക്കുന്നത്. ജൈവകൃഷിയിലൂടെ സുസ്ഥിരമായ ഒരു കാർഷിക വ്യവസ്ഥ സൃഷ്ടിക്കാമെന്ന് തെളിഞ്ഞിട്ടും എന്തിനാണ് ഇപ്പോഴും നേർപ്പിക്കലിന്റെ കാര്യവും പറഞ്ഞുകൊണ്ടിരിക്കുന്നത്. ജൈവകൃഷിയുടെ സാധ്യതകൾ വിപുലപ്പെടുത്തുന്നതിനുള്ള മുൻകൈയെടുക്കാനാണ് അവർ ശ്രമിക്കേണ്ടത്. രാസകൃഷി എപ്പോഴും പരാശ്രയത്വമുണ്ടാക്കുന്നതാണ്. ജൈവകൃഷി സ്വാശ്രിതമാണ്. രാസകൃഷി ചെയ്യുന്ന കൃഷിക്കാരൻ പരാശ്രിതനാകും എന്നതാണ് അതിന്റെ ഏറ്റവും വലിയ പരിമിതി. ഹരതിവിപ്ലവം വരുന്നതിന് മുമ്പ് കൃഷിക്കാർ പരാശ്രിതരായിരുന്നില്ല. ഹരിതവിപ്ലവത്തെ തുടർന്ന് കൃഷിക്കാരുടെ സ്ഥിതി ദയനീയമായതിന് ഒരു കാരണം ഈ പരാശ്രിതത്വമാണ്. കർഷകർ ക

> കർഷകർക്ക് നേർപ്പിക്കലിനെക്കുറിച്ചൊന്നും വ്യക്തമായ നിർദ്ദേശം കിട്ടാറില്ല. കർഷകർ കീടനാശിനി കൃത്യമായി നേർപ്പിക്കാത്തതാണ് പ്രശ്നമെന്നുപറഞ്ഞുകൊണ്ട് കർഷകരുടെ മേൽ കീടനാശിനി ദുരന്തത്തിന്റെ ബാധ്യത കെട്ടിവയ്ക്കാനുള്ള ശ്രമമാണ് ഡോ. ശ്രീകുമാറിനെപ്പോലെയുള്ളവർ നടത്തുന്നത്. കീടനാശിനിയല്ല, ഉപയോഗിക്കുന്നവരാണ് പ്രശ്നമെന്ന് പറയുന്നത് ഒരുതരം വരേണ്യ ചിന്തയാണ്.



# സംസ്ഥാനത്ത് പച്ചക്കറി ഉത്പാദനത്തിൽ വൻ വർദ്ധന

## ഓണക്കാലത്ത് ന്യായവിലയ്ക്ക് ഹോർട്ടികോർപ്പിന്റെ പച്ചക്കറികൾ

സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനത്തിൽ വൻ വർദ്ധനവുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്ന റിപ്പോർട്ട്. മാതൃഭൂമി ദിനപത്രം, 2015 ആഗസ്റ്റ് 25.

200 രൂപക്ക് അരി വിൽക്കുന്നതിന് ഞാനും എതിരാണ്. പക്ഷെ അതിലും വ്യത്യാസങ്ങളുണ്ട്. ജൈവ ഉത്പന്നങ്ങൾക്ക് എല്ലാത്തിനും വില ഒരുപോലെയല്ല. പല സാഹചര്യങ്ങൾക്കനുസരിച്ച് വില വ്യത്യാസം വരും. ഉദാഹരണമായി ഞവര എന്ന അരി നിങ്ങൾക്ക് നൂറു രൂപയിൽ കുറച്ച് വിൽക്കാൻ കഴിയില്ല. കാരണം അതിന് വിളവ് കുറവും ഔഷധ ഗുണങ്ങൾ കൂടുതലുമാണ്. അതുപോലെയാണ് ഗന്ധകശാലയും. അതേസമയം തവളക്കണ്ണനോ ചിറ്റേനിയോ 60 രൂപയ്ക്ക് വിൽക്കാം.

ടക്കെണിയിലായി. ദേവീന്ദർ ശർമ്മയെപോലെയുള്ള വിദഗ്ധർ അക്കാര്യങ്ങൾ വസ്തുതാപരമായി പുറത്തുകൊണ്ടുവന്നിട്ടുണ്ട്. കീടനാശിനിയുടെ മുകളിൽ എന്താണ് എഴുതിവച്ചിരിക്കുന്നതെന്ന് ഒരു കർഷകനും വായിച്ചാൽ മനസ്സിലാകില്ല. ഇംഗ്ലീഷ് അറിയുന്നെങ്കിൽ പോലും പിടികിട്ടില്ല. കർഷകർക്ക് നേർപ്പിക്കലിനെക്കുറിച്ചൊന്നും വ്യക്തമായ നിർദ്ദേശം കിട്ടാറില്ല. കർഷകർ കീടനാശിനി കൃത്യമായി നേർപ്പിക്കാത്തതാണ് പ്രശ്നമെന്നുപറഞ്ഞുകൊണ്ട് കർഷകരുടെ മേൽ കീടനാശിനി ദുരന്തത്തിന്റെ ബാധ്യത കെട്ടിവയ്ക്കാനുള്ള ശ്രമമാണ് ഡോ. ശ്രീകുമാറിനെപ്പോലെയുള്ളവർ നടത്തുന്നത്. കീടനാശിനിയല്ല, ഉപയോഗിക്കുന്നവരാണ് പ്രശ്നമെന്ന് പറയുന്നത് ഒരുതരം വരേണ്യ ചിന്തയാണ്. ജൈവകർഷകർ വെറും അനുഭവസാക്ഷ്യം പറച്ചിലുകാരാണ്, അവർക്ക് ശാസ്ത്രീയ അടിത്തറയില്ല എന്നതാണ് സി. രവിചന്ദ്രന്റെ ആരോപണം. 20 വർഷമായി രാസകൃഷി ചെയ്തിട്ട് ഇപ്പോഴും അതേപോലെ വിളവുകിട്ടുന്ന ഏതെങ്കിലും സ്ഥലം കാണിച്ചുതരാൻ രാസകൃഷി ചെയ്യുന്നവർക്ക് കഴിയുമോ? പ്രയാസമാണ്, അതുകൊണ്ടാണ് അവർക്ക് ഇതുപോലെ അനുഭവസാക്ഷ്യം പറയാൻ കഴിയാത്തത്.

ജൈവകൃഷി ഉത്പന്നങ്ങൾക്ക് വിലകൂടുതലാണെന്നതും രാസകൃഷി ചെയ്യുന്നവരുടെ നെല്ല് സർക്കാർ കുറഞ്ഞവിലയ്ക്കാണ് സംഭരിക്കുന്നത് എന്നതും ചർച്ച ചെയ്യേണ്ട കാര്യമാണ്. പക്ഷെ, അത് ഇവർ ആരോപിക്കുന്ന രീതിയില്ല ചർച്ചചെയ്യേണ്ടത്. ജൈവകൃഷിയാണെങ്കിലും രാസകൃഷിയാണെങ്കിലും കർഷകന് ഉത്പന്നത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശമുണ്ടാവുകയാണ് വേണ്ടത്. ഏതൊരു ഉത്പന്നത്തിന്റെയും വില നിശ്ചയിക്കാൻ ഉത്പാദകർക്ക് അവകാശമുണ്ട്. എന്നാൽ കർഷകർക്ക് മാത്രം ആ അവകാശം നിഷേധിക്കുകയാണ്. ഇടനിലക്കാരാണ് കാർഷികോത്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നത്. 200 രൂപക്ക്അരി വിൽക്കുന്നതിന് ഞാനും എതിരാണ്. പക്ഷെ അതിലും വ്യത്യാസങ്ങളുണ്ട്. ജൈവ ഉത്പന്നങ്ങൾക്ക് എല്ലാത്തിനും വില ഒരുപോലെയല്ല. പല സാഹചര്യങ്ങൾക്കനുസരിച്ച് വില വ്യത്യാസം വരും. ഉദാഹരണമായി ഞവര എന്ന അരി നിങ്ങൾക്ക് നൂറു രൂപയിൽ കുറച്ച് വിൽക്കാൻ കഴിയില്ല. കാരണം അതിന് വിളവ് കുറവും ഔഷധ ഗുണങ്ങൾ കൂടുതലുമാണ്. അതുപോലെയാണ് ഗന്ധകശാലയും. അതേസമയം തവളക്കണ്ണനോ ചിറ്റേനിയോ 60 രൂപയ്ക്ക് വിൽക്കാം. രാസകൃഷി ചെയ്താലും ജൈവകൃഷി ചെയ്താലും നെല്ലിന്റെ കാര്യത്തിൽ ഇപ്പോൾ കിട്ടുന്ന വിളവ് ഒന്നുതന്നെയാണ്. എന്നാൽ രാസകൃഷി ചെയ്യുന്ന കർഷകർക്ക് വരുന്ന ചിലവ് ജൈവകൃഷി ചെയ്യുന്നവരേക്കാൾ കൂടുതലാണ്. രാസകൃഷി ചെയ്യുന്ന ചിലവിനനുസരിച്ച് ഇപ്പോൾ അവരുടെ നെല്ലിന് ലഭിക്കുന്ന സംഭരണ വിലയും കുറവാണ്. കർഷകർ പക്ഷെ പ്രതികരിക്കുന്നില്ല. ഒരു കിലോയ്ക്ക് 15 രൂപയിൽ കുറഞ്ഞിട്ട് നെല്ലുത്പാദിപ്പിക്കാൻ കഴിയില്ല എന്നതാണ് സ്ഥിതി. ഇന്നത്തെ കേ

രളത്തിന്റെ സാഹചര്യം അനുസരിച്ച് ചില സ്ഥലങ്ങളിൽ അത് 20-22 രൂപവരെയാകും. എന്നാൽ അതിനനുസരിച്ചുള്ള വില കർഷകന് കിട്ടുന്നില്ല. സർക്കാർ കേന്ദ്രീകൃതമായി ഒരു സംഭരണ വില നിശ്ചയിക്കുകയാണ് ചെയ്യുന്നത്. ആ രീതി മാറ്റണം. പ്രോസസിംഗ് ചാർജ്ജും യാത്രാ ചെലവും ഒക്കെ കണക്കുകൂട്ടിയാൽ അരി കിലോയ്ക്ക് 40 രൂപയിൽ കുറച്ച് വിൽക്കുന്നത് കർഷകന് നഷ്ടമാണ്. തമിഴ്നാട്ടിൽ തൊഴിലിന് കൂലി കുറഞ്ഞ സാഹചര്യങ്ങളിൽ നിന്നും വരുന്ന അരിയാണ് 30 രൂപയ്ക്കെല്ലാം നമുക്ക് വിപണിയിൽ കിട്ടുന്നത്. കേരളത്തിലെ സാഹചര്യം അതല്ല. വലിയ രീതിയിലുള്ള ഒരു പുനർചിന്ത ഈ വിഷയത്തിലുണ്ടാകേണ്ടതുണ്ട്. അങ്ങനെയാണെങ്കിൽ ജൈവ ഉത്പന്നങ്ങളുടെയും വില കുറയും. പ്രാദേശികമായി നെല്ല് സംഭരിക്കുന്നതിനും പ്രോസസ് ചെയ്യുന്നതിനുമുള്ള യൂണിറ്റുകളുണ്ടാക്കുകയാണെങ്കിൽ ജൈവകൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന നെല്ലിന്റെയും വില കുറയും. ജൈവകൃഷി ചെയ്യുന്ന അരി തവിടുകളയാതെ പ്രോസസ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഇവിടെ കുറവാണ്. തവിടുകളയാതെ പുഴുങ്ങി കുത്താനുള്ള രണ്ട് മില്ലുകൾ മാത്രമാണ് ഇന്ന് കേരളത്തിലുള്ളത്. ഒന്ന് കാസർഗോഡും മറ്റൊന്ന് പാലക്കാടും. പ്രാദേശികമായി റബ്ബർ റോളറുള്ള ചെറുകിട മില്ലുകൾ ആരംഭിക്കണം. തവിടുകളയാതെ അരി കുത്തിയെടുക്കാനുള്ള സംവിധാനങ്ങളുണ്ടാകണം. അങ്ങനെയാണെങ്കിൽ ജൈവ അരിക്കും വില കുറയും. സർക്കാർ സംവിധാനങ്ങളുടെ ഒരു സഹായവുമില്ലാതെയാണ് ജൈവകർഷകർ ഇപ്പോൾ 60 രൂപയ്ക്ക് അരികൊടുക്കുന്നത്. സർക്കാർ സഹായങ്ങളുള്ള കൃഷിക്ക് കിട്ടുന്ന വിലയുമായി അതിനെ താരതമ്യം ചെയ്യാൻ കഴിയില്ല. കഴിഞ്ഞ 30 വർഷത്തെ കണക്കെടുത്താൽ കാർഷികോത്പന്നങ്ങൾക്കല്ലാതെ മറ്റെല്ലാത്തിനും വില ആനുപാതികമായി കൂടുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ അരിയും പച്ചക്കറിയുടെയുമെല്ലാം വില സർക്കാർ പിടിച്ചു നിർത്താൻ ശ്രമിക്കുകയാണ്. കർഷകർക്ക് ഇതുകൊണ്ട് ഒരു ഉപകാരവുമുണ്ടാകുന്നില്ല. കൂടുതൽ ഭൂമിയുള്ളവർക്ക് മാത്രം ലാഭമുണ്ടാക്കാൻ കഴിയുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ടാണ് തമിഴ്നാട്ടിലെല്ലാം വലിയ ഭൂവുടമസ്ഥരുടെ അധീനതയിൽ കൃഷി നിലനിൽക്കുന്നത്. ഇത്തരം കാര്യങ്ങളെക്കുറിച്ചാണ് പുനർചിന്ത വേണ്ടത്. കൃഷി ശാസ്ത്രജ്ഞർ ഇത്തരം പ്രധാനപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാതെ ഇപ്പോഴും രാസകൃഷിയുടെ 'ശാസ്ത്രീയത'യെക്കുറിച്ച് ചർച്ച നടത്തുന്നത് കുറ്റകരമായ അനാസ്ഥയാണ്.

ഇതര സംസ്ഥാനക്കാർ ശാസ്ത്രീയമായി കൃഷി ചെയ്തു വിളവുണ്ടാക്കുന്നതുകൊണ്ടാണ് കേരളത്തിലുള്ളവർക്ക് ജൈവകൃഷിയെന്നെല്ലാം പറഞ്ഞുനടക്കാൻ കഴിയുന്നതെന്നാണ് ഇവരുടെ മറ്റൊരു ആരോപണം. പക്ഷെ, ഇതര സംസ്ഥാനക്കാർ കൃഷിയിൽ നിന്നും പിന്മടങ്ങുന്നതായാണ് നമുക്ക് അനുഭവപ്പെടുന്നത്. കേരളത്തിൽ കെട്ടിടനിർമ്മാണ മേഖലയിൽ പണിയെടുക്കാൻ വരുന്ന ചെറുപ്പക്കാരെല്ലാം അവരുടെ ഗ്രാമങ്ങളിൽ കൃഷി തകർന്നതിനെ തുടർന്നാണ് ഇവിടേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നത്. ഈ ദേശീയ സാഹചര്യത്തെ കണ്ടില്ലെന്ന് നടിച്ചുകൊണ്ടാണ് ഇതര സംസ്ഥാനക്കാരുടെ മഹത്വം പറയുന്നത്. ജൈവകൃഷി വ്യാപകമായതോടെ കേരളത്തിലെ ചെറുപ്പക്കാർ അതിന്റെ മൂല്യം മനസ്സിലാക്കി കൃഷിയിലേക്ക് മടങ്ങിവരുന്ന കാഴ്ചയും നമുക്ക് കാണാം. ഐ.ടി മേഖലയിൽ നിന്നെല്ലാം ജോലി ഉപേക്ഷിച്ച് ആളുകൾ കൃഷിയിലേക്ക് വരുന്നത് നമ്മൾ കാണുന്നുണ്ടല്ലോ. കൃഷിയിൽ ആളുകളെ പിടിച്ചു നിർത്തണമെങ്കിൽ ജൈവകൃഷിയാണ് അനുയോജ്യമെന്നതിന് തെളിവാണിത്. ■


**നെൽവയൽ രക്ഷാ സംഗമം**

നെൽവയൽ നീർത്തട നിയമം
അട്ടിമറിക്കുന്നതിനെതിരെ കേരള ജൈവകർഷക
സമിതിയുടെയും വിവിധ പരിസ്ഥിതി
സംഘടനകളുടെയും ആഭിമുഖ്യത്തിൽ
**2015 ഒക്ടോബർ 16ന്**
തിരുവനന്തപുരത്ത്. 9496149173

## കേരളീയം വരിസംഖ്യ
## അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ. കൂട്ടായ്മ അംഗത്വം :
10,000 രൂപ. ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,
പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446576943